## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4434

13.11.2019 ലെ മറുപടിയ്ക്ക്.

# കോളനികളുടെ നവീകരണത്തിനുള്ള ഫണ്ട് വിനിയോഗം

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി, പട്ടികവകർഗ്ഗ കോളനികളുടെ നവീകരണത്തിന് അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സർക്കാർ എന്തെല്ലാം നപടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | പട്ടികജാതി കോളനികളുടെ നവീകരണത്തിന് അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസ് വഴിയും അവലോകന യോഗങ്ങൾ നടത്തുന്നു. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ എന്നിവർ നിശ്ചിത ഇടവേളകളിൽ കോളനി സന്ദർശനം നടത്തി പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.<br>സ്വയംപര്യാപ്തഗ്രാമം, അബേദ്കർ ഗ്രാമം, പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ എം.എൽ.എ. യും കൺവീനർ പട്ടികജാതി വികസന ഓഫീസറുമാണ്.<br>തദ്ദേശ സ്ഥാപനതലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളാണ് പദ്ധതി നിർദ്ദേശിക്കുന്നത്. ജില്ലാ/ബ്ലോക്കുതല ഓഫീസർമാർ സാമൂഹ്യഭൂപടവും ഗുണഭോക്തൃ ലിസ്റ്റും തയ്യാറാക്കുന്നു.<br>പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിന് അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് ഉറപ്പ വരുത്താൻ ചുവടെ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന രൂപീകരിക്കുന്ന പഞ്ചവത്സര പദ്ധതി, വാർഷിക പദ്ധതി എന്നിവയുടെ രൂപീകരണവേളയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ചേരുകയും, പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിൽ പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട പദ്ധതികൾ വിശദമായി ചർച്ച ചെയ്ത |

| | | | |
|---|---|---|---|
| | | | ശേഷമാണ് സംസ്ഥാനത്തെ വാർഷിക പദ്ധതികൾ സർക്കാർ അംഗീകരിക്കുന്നത്.<br>പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമായ പദ്ധതികൾ സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പും, വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ് നടപ്പിലാക്കുന്നത്.<br>• പട്ടികവർഗ്ഗ വിഭാഗത്തിനായി ജില്ലകളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ കൂടി ഉൾപ്പെടുത്തിയാണ് ജില്ലാ പദ്ധതികൾ രൂപീകരിക്കുന്നത്.<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും വഴി നടപ്പിലാക്കുന്ന നവീകരണ പദ്ധതികൾ ഊരുകൂട്ടങ്ങളുടെ തീരുമാനപ്രകാരമാണ് നടപ്പിലാക്കുന്നത്.<br>• അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതികളിൽ സോഷ്യൽമാപ്പ് അത്യാവശ്യ ഘടകമാണ്. സോഷ്യൽമാപ്പിൽ വ്യക്തമായി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം ആ പ്രദേശത്ത് ഉള്ളതെന്ന് സൂചിപ്പിച്ചിരിക്കണം. സോഷ്യൽമാപ്പും ഊരുകൂട്ടം വഴി ചർച്ച ചെയ്ത് അംഗീകരിക്കണം,<br>• കൂടാതെ ഊരുകൂട്ടം അംഗീകരിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, ജില്ലാ കളക്ടറും, ജില്ലാ പ്ലാനിംഗ് ഓഫീസറും, പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, പട്ടികവർഗ്ഗ സമിതിയിലെ മൂന്ന് അംഗങ്ങളും ഉൾപ്പെട്ട സമിതി അംഗീകരിച്ചിരിക്കണം.<br>• സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്രദമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും താഴെ തട്ടിൽ പ്രവർത്തിച്ചു വരുന്ന പ്രമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നല്കിവരുന്നത്.<br>• പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.<br>• പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ